# Malayala Manorama
# 25 August 2018
# New Dehli ; Govt Explan about Flood Relief

ജലംതുറന്നുവിടുന്നതിന് ഒരാഴ്ച

ങ്ങൾ തള്ളി.

## ദുരിതാശ്വാസ നടപടികൾ വിശദീകരിച്ച് സർക്കാർ

**മനോരമ ലേഖകൻ**

ന്യൂഡൽഹി • മുല്ലപ്പെരിയാർ അണക്കെട്ടിലെ വെള്ളം പെട്ടെന്നു തുറന്നുവിട്ടതു പ്രളയത്തിന്റെ കാരണങ്ങളിലൊന്നാണെന്നു കഴിഞ്ഞ ദിവസം സത്യവാങ്മൂലം നൽകിയ സംസ്ഥാന സർക്കാർ, ദുരിതാശ്വാസ നടപടികൾ വിശദീകരിച്ച് ഇന്നലെ മറ്റൊരു സത്യവാങ്മൂലംകൂടി സുപ്രീം കോടതിയിൽ നൽകി.

ആദ്യ സത്യവാങ്മൂലം ചീഫ് സെക്രട്ടറിയുടേതായിരുന്നു. എന്നാൽ, ഇന്നലെ നിയമ വകുപ്പു സെക്രട്ടറിയാണു സത്യവാങ്മൂലം നൽകിയത്. ക്യാംപുകളുടെയും ദുരിതാശ്വാസ നടപടികളുടെയും വിശദാംശങ്ങളും മുഖ്യമന്ത്രിയുടെ നിധിയിലേക്കു ലഭിച്ച തുകയെത്രയെന്നും ഉള്ളടക്കം. അക്കാര്യങ്ങൾ കോടതി പരിശോധിച്ചില്ല. റസൽ ജോയ് എന്ന ഹർജിക്കാരനുവേണ്ടി ഹാജരായ മനോജ് വി. ജോർജിന്റെ വാദങ്ങളാണു തമിഴ്നാടിന്റെ നിലപാടിനെതിരെ കേരളത്തിനു നേട്ടമായത്. ഹർജിക്കാരനു മുല്ലപ്പെരിയാർ വിഷയത്തിൽ കാര്യമില്ലെന്നു തമിഴ്നാടിന്റെ അഭിഭാഷകൻ വാദിച്ചു.

എന്നാൽ, ഹർജിക്കാരന്റെ അവകാശം ചോദ്യംചെയ്യേണ്ടതില്ലെന്നും അതു നേരത്തേ തന്നെ അംഗീകരിച്ചിട്ടുള്ളതാണെന്നും കോടതി പറഞ്ഞു. മുല്ലപ്പെരിയാർ, കാവേരി കേസുകളിൽ ദീർഘകാലമായി സുപ്രീം കോടതിയിൽ കേരളത്തിന്റെ അഭിഭാഷക സംഘത്തിലുൾപ്പെട്ട മോഹൻ കട്ടാർക്കി ഇന്നലെ ഹാജരായില്ല.

താൻ ഹാജരാവുന്നില്ലെന്ന് അദ്ദേഹംതന്നെ വ്യക്തമാക്കിയതായി സർക്കാർ വൃത്തങ്ങൾ പറഞ്ഞു.